# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T2448
06-12-2018-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി റീകൺസിലിയേഷൻ**

| **ചോദ്യം**<br>**ശ്രീ. അനിൽ അക്കര** | **മറുപടി**<br>**ഡോ. ടി. എം. തോമസ് ഐസക്ക്**<br>**ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
|---|---|
| എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി റീകൺസിലിയേഷന് സ്വകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള സാഹചര്യം വിശദമാക്കാമോ;<br><br>ബി) ഈ ആവശ്യത്തിന് ക്വട്ടേഷൻ വിളിച്ചിരുന്നോ; ഏതെല്ലാം കമ്പനികളാണ് ഇതിൽ പങ്കെടുത്തതെന്ന് അറിയിക്കുമോ;<br><br>സി) പ്രസ്തുത സ്വകാര്യ സ്ഥാപനത്തിന് നൽകുന്ന മാസ പ്രതിഫലം എത്രയാണ്; നാളിതുവരെ ഈ ആവശ്യത്തിനായി എത്ര രൂപ പ്രതിഫലം നൽകിയിട്ടുണ്ട്;<br><br>ഡി) അക്കൗണ്ടന്റ് ജനറലിന്റെ ജോലി സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചത് ഏത് ധനകാര്യ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ആണെന്ന് വിശദമാക്കാമോ? | 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയവുമായി ബന്ധപ്പെട്ട് മണിക്കൂറുകൾക്കകം തന്നെ മുഖ്യമന്ത്രിയുടെ വെബ്പോർട്ടലുകൾ സജീവമാകുകയും ദുരന്തത്തിന് ഇരയായവരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ധാരാളം സംഭാവനകൾ വന്നുതുടങ്ങുകയും ഇതിലേക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി CMDRF ന്റെ പേരിൽ പതിനഞ്ചോളം ബാങ്കുകളിൽ അക്കൗണ്ടുകൾ ആരംഭിക്കുകയുണ്ടായി. ഈ ബാങ്കുകളുമായി ബന്ധപ്പെട്ട് പേമെന്റ് ഗേറ്റ് വേകൾ വഴിയും,പേ റ്റി എം, പേപാൾ, ,എയർറ്റെൽ, റാസർപേ, സ്റ്റൈപ്പ്-1 തുടങ്ങിയ പേമെൻറ് ആപ്പ്, മൊബൈൽ വാലറ്റ് മുതലായ നൂതന സംവിധാനങ്ങൾ മുഖേന ഓൺലൈനായും അല്ലാതെയും നൽകുന്ന സംഭാവനകളും കൂടാതെ ഡിഡി, ചെക്ക്, ക്യാഷ്, മണിയോഡർ എന്നിവ മുഖേന ലഭ്യമാകുന്ന സംഭാവനകളും CMDRF ന്റെ അക്കൗണ്ടുകളിലേക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ |

| | |
|---|---|
| | വിവിധ സംവിധാനങ്ങൾ വഴി ലഭിക്കുന്ന സംഭാവന തുകയുടെ ഇടപാടുകൾ ക്രമപ്പെടുത്തി അക്കൗണ്ട് റ്റാലിയാക്കി കൃത്യതയും സുതാര്യതയും ഉറപ്പാക്കേണ്ടതുണ്ട്. ഇതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമായതിനാലും റീ കൺസിലിയേഷൻ നടത്തേണ്ടത് വളരെ അടിയന്തിരവുമായ സാഹചര്യത്തിലുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് വരുന്ന സംഭാവനകൾ പബ്ലിക് അക്കൗണ്ടിന്റെ ഭാഗമാകുന്നതിന് മുൻപുതന്നെ റീ കൺസിലിയേഷൻ നടത്തുന്നതിന് വേണ്ടി ഈ മേഖലയിലെ പ്രഗത്ഭ സ്ഥാപനമായ CA firm M/s വർമ്മ & വർമ്മ എന്ന സ്ഥാപനത്തെ 26/09/2018-ലെ ജി.ഒ. (ആർ.റ്റി) നം. 7992/2018/ധന ഉത്തരവ് പ്രകാരം ഇതിന്റെ ചുമതല ഏൽപ്പിക്കുകയും പ്രതിമാസം പരമാവധി 60,000/- രൂപ പ്രതിഫലമായി നിശ്ചയിച്ചിട്ടുള്ളതുമാകുന്നു. ഈ സ്ഥാപനത്തിന് ഇതുവരെ പ്രതിഫലം ഒന്നുംതന്നെ അനുവദിച്ച് നൽകിയിട്ടില്ല. ഓഡിറ്റ് പ്രസ്തുത സ്ഥാപനത്തെ ഏല്പിച്ചിട്ടില്ല. റീ കൺസിലിയേഷൻ വേണ്ടി മാത്രമാണ് പ്രസ്തുത സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ